# THE KERALA STATE FINANCIAL ENTERPRISES LIMITED

KSFE

(A Government of Kerala Undertaking)

**Corporate Office: "*Bhadratha*", Thrissur – 680 020**

**Ph: 0487-2332255, Fax: 0487-2336232, E-Mail: ksfeplg@gmail.com**


Ref: 3017 Date: 13/03/14

## വിയോജന കുറിപ്പ്

ദി മാനേജിംഗ് ഡയറക്ടർ
മനോരമ ന്യൂസ് ചാനൽ

സർ,

വിഷയം : ചിട്ടിവരി കുടിശ്ശിക കെ.എസ്.എഫ്.ഇക്ക് ബാധ്യതയാകുന്നു എന്ന വാർത്ത സംബന്ധിച്ച്

സൂചന : 12.03.2014 നും 13.03.14 നും താങ്കളുടെ ദൃശ്യമാധ്യമത്തിൽ വന്ന വാർത്ത

....

മേൽ സൂചനപ്രകാരം താങ്കളുടെ ദൃശ്യമാധ്യമത്തിൽ തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന **"ചിട്ടിവരി കുടിശ്ശിക കെ.എസ്.എഫ്.ഇക്ക് ബാധ്യതയാകുന്നു"** എന്ന വാർത്ത തികച്ചും തെറ്റിദ്ധാരണ ജനകവും വസ്തുതാവിരുദ്ധവുമാണ്. വാർത്തയിൽ പറയുന്ന കെ.എസ്.എഫ്.ഇ. യുടെ കഴിഞ്ഞ 8 വർഷത്തെ കുടിശ്ശിക 754 കോടി എന്നത് തെറ്റാണ്. 2012-13 ലെ കണക്ക് പ്രകാരം ഇതുവരെയുള്ള മൊത്തം കുടിശ്ശിക 184.38 കോടി രൂപയാണ്.

2005 മുതൽ 2012 വരെയുള്ള വരുമാന നികുതി അടച്ചതിനുശേഷമുള്ള ലാഭം 193.71 കോടി രൂപയാണ്. മാത്രമല്ല ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾക്കുള്ള ഭാരതീയ റിസർവ്വ് ബാങ്കിൻെറ വിവേകപൂർണ്ണമായ നിയമപ്രകാരം(Prudential norms) എല്ലാവർഷവും കുടിശ്ശിക സംഖ്യക്ക് ആനുപാതികമായി കരുതൽ നീക്കിയിരുപ്പ് നടത്തിയതിന് ശേഷമുള്ള ലാഭമാണ് മുകളിൽ കാണിച്ചിട്ടുള്ളത്. 2012-13 വരെ 163 കോടി രൂപ ഈ ഇനത്തിൽ കരുതൽ നീക്കിയിരുപ്പ് വെച്ചിട്ടുണ്ട്.

താങ്കളുടെ വാർത്തയിൽ പറഞ്ഞിരിക്കുന്ന 2005 മുതൽ 2012 വരെയുള്ള ചിട്ടി കുടിശ്ശിക 570 കോടി രൂപ എന്നത് തികച്ചും തെറ്റാണ്. 2012 മാർച്ചിൽ കെ.എസ്.എഫ്.ഇ.ക്ക് മൊത്തം കുടിശ്ശിക 109.32 കോടി രൂപ മാത്രമാണ്. വിവരാവകാശ പ്രകാരം നൽകിയ മറുപടിയിൽ അതാത് വർഷം മാർച്ചിൽ ആകെ കിട്ടാനുള്ള കുടിശ്ശിക സംഖ്യയാണ് കാണിച്ചിട്ടുള്ളത്. ഈ സംഖ്യകൾ മൊത്തം കൂട്ടിയ സംഖ്യയാണ് താങ്കൾ കുടിശ്ശികയായി വാർത്തയിൽ പറഞ്ഞിട്ടുള്ളത്. ഇത് സാമാന്യ നീതിക്ക് നിരക്കുന്ന ഒരു നടപടിയല്ല.

(....2)

കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിൻെറ കാലത്ത് സർക്കാരിൽ നിന്ന് 1054 സ്റ്റേയും കോടതിയിൽ നിന്ന് 1458 സ്റ്റേയും നൽകിയതായ വാർത്ത തികച്ചും തെറ്റാണ്. 2011 മാർച്ച് വരെ നിലവിലുള്ള സർക്കാർ സ്റ്റേ 218ഉം കോടതി സ്റ്റേ 210 ഉം ആണ്.വിവരാവകാശ പ്രകാരം നൽകിയ മറുപടിയിൽ അതാതു വർഷം മാർച്ചിൽ നിലവിലുള്ള സ്റ്റേയാണ് കാണിച്ചിട്ടുള്ളത്. ഈ സംഖ്യകൾ മൊത്തം കൂട്ടിയ സംഖ്യയാണ് താങ്കളുടെ വാർത്തയിൽ പറഞ്ഞിട്ടുള്ളത്. ഇത് ശരിയായ നടപടി അല്ല.ഇതുവഴി കെ.എസ്.ഫ്.ഇ. 2011 വരെ സർക്കാർ വഴിയും കോടതിവഴിയും സ്റ്റേയായി നൽകിയിട്ടുള്ള തുക 10.46 കോടി രൂപ മാത്രമുള്ളപ്പോൾ താങ്കളുടെ വാർ ത്തയിൽ 459.64 കോടി രൂപ എന്നാണ് കാണിച്ചിരിക്കുന്നത്. യു.ഡി.എഫ് സർക്കാർ അധികാരത്തിലേറി രണ്ടുവർഷം ആയപ്പോൾ സർക്കാർ സ്റ്റേകളുടെ എണ്ണം 218ൽ നിന്നും 295 ആയും കോടതി സ്റ്റേകളുടെ എണ്ണം 210ൽ നിന്നും 254 ആയും ഉയർന്നിട്ടുണ്ട്.അതായത് സർക്കാർ സ്റ്റേകളുടെ എണ്ണത്തിൽ 77 ഉം കോടതി സ്റ്റേകളുടെ എണ്ണത്തിൽ 44 ഉം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിൽ നിന്നും 495ഉം കോടതിയിൽ നിന്നും 512ഉം സ്റ്റേകൾ നൽകിയിട്ടുണ്ടെന്ന് താങ്കളുടെ വാർത്താ മാധ്യമത്തിൽ പറഞ്ഞിരിക്കുന്നത്. ഈ കാലയളവിൽ സർക്കാർ വഴിയും കോടതിവഴിയും സ്റ്റേകൊടുത്ത തുക 10.46 കോടിയിൽ നിന്നും 14.49 കോടിയായി ഉയർന്നിട്ടുണ്ട്. അതായത് 4.03 കോടി രൂപയുടെ വർദ്ധനവ്. അതാണ് താങ്കൾ 293.07 കോടി രൂപയുടെ സ്റ്റേ നൽകിയതായി അറിയിച്ചിരിക്കുന്നത്.

കൂടാതെ കുടിശ്ശിക സംഖ്യകൾക്കെല്ലാം പര്യാപ്തമായ ഈടോ/ജാമ്യമോ ഉള്ളതിനാലും റവന്യൂ റിക്കവറി നടപടികൾ തുടർന്നുവരുന്നതിനാലും ഒന്നും തന്നെ കിട്ടാക്കടമല്ല.

കെ.എസ്.എഫ്.ഇ.യുടെ 2012-13 ലെ വാർഷിക ബിസിനസ്സ് ടേണോവർ 17524 കോടി രൂപയാണ്. ഇതിൽ കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുള്ളത് 184.38 കോടി രൂപയാണ്. ഇത് ചിട്ടി വരിക്കാരിൽ നിന്നും മാത്രം പിരിഞ്ഞുകിട്ടാനുള്ള സംഖ്യയല്ല മറിച്ച് ചിട്ടിവരിക്കാരിൽ നിന്നും, വായ്പക്കാരിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള മൊത്തം സംഖ്യയാണ്.അതായത് ബിസിനസ്സിൻെറ 1%മാത്രമേ കുടിശ്ശികയായിട്ടുള്ളൂ. വസ്തുത ഇതായിരിക്കെ തുടക്കം മുതൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.എസ് എഫ്.ഇ. യെ പോലുള്ള ഒരു പൊതു മേഖലാ സ്ഥാപനത്തെ പൊതുജനങ്ങളുടെ മുന്നിൽ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വാർത്തകൊടുത്തത് തികച്ചും നിരാശാജനകമാണ്.

കേവലം 20 കോടി രൂപ മുതൽമുടക്കുള്ള കെ.എസ്.എഫ്.ഇ. നാളിതുവരെയായി സംസ്ഥാന സർക്കാരിന് ലാഭവിഹിതവും ഗ്യാരണ്ടി കമ്മീഷനുമായി 525 കോടി രൂപയും കേന്ദ്ര സർക്കാരിന് ആദായ നികുതി, സർവ്വീസ് ടാക്സ് എന്നീയിനങ്ങളിലായി 348 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാടെ ട്രഷറിയിൽ 2290 കോടി രൂപ നിക്ഷേപമുണ്ട്.

ആയതിനാൽ മുകളിൽ പറഞ്ഞ വസ്തുതകൾ മനസ്സിലാക്കി താങ്കളുടെ മാധ്യമത്തിൽ അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടിതന്നെ ഈ വിയോജനക്കുറിപ്പ് കൊടുക്കണമെന്നും ജനങ്ങൾക്കിടയിലുണ്ടായേക്കാവുന്ന തെറ്റിദ്ധാരണകൾ നീക്കംചെയ്യാൻ ഇടവരുത്തണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്.ഇ.യ്ക്കുവേണ്ടി,

**പി.രാജേന്ദ്രൻ,**
**മാനേജിംഗ് ഡയറക്ടർ (ഇൻ ചാർജ്ജ്)**